വിനോദസഞ്ചാരികളെ ബാധിക്കുന്ന അടിയന്തര സാഹചര്യങ്ങളെ നേരിടുന്നതിനായി ആകസ്മികതകളിൽ അടിയന്തരമായി ഇടപെടാൻ പര്യാപ്തമായ 'കണ്ടിജൻസി റെസ്പോൺസ് സെൽ' സംസ്ഥാനതലത്തിൽ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം നിർദ്ദിഷ്ട ടൂറിസം നയത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്.

**സംസ്ഥാനത്തെ വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി**

**344 (1010)** ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര വിനോദസഞ്ചാരികൾ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട് ; അതിൽ ആഭ്യന്തര വിനോദസഞ്ചാരികൾ എത്ര ; വിദേശ വിനോദസഞ്ചാരികൾ എത്ര ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനം സന്ദർശിച്ച വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ എടുത്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) വിനോദസഞ്ചാരികളുടെ എണ്ണത്തിലുള്ള വർദ്ധനവ് സംസ്ഥാനത്തിന്റെ വരുമാനം എത്രത്തോളം വർദ്ധിപ്പിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ)

| വർഷം | വിനോദസഞ്ചാരികൾ | | ആകെ |
|---|---|---|---|
| | ആഭ്യന്തരം | വിദേശം | |
| 2011 | 93,81,455 | 7,32,985 | 101,14,440 |
| 2012 | 100,76,854 | 7,93,696 | 108,70,550 |
| 2013 | 108,57,811 | 8,58,143 | 117,15,954 |
| 2014 | 116,95,411 | 9,23,366 | 126,18,777 |



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | ആകെ വിനോദസഞ്ചാരികളുടെ എണ്ണം | വർദ്ധനവ് (%) |
|---|---|---|
| 2011 | 101,14,440 | 9.3 |
| 2012 | 108,70,550 | 7.5 |
| 2013 | 117,15,954 | 7.8 |
| 2014 | 126,18,777 | 7.7 |

(സി) ഇന്ത്യയിലെ പ്രധാനപ്പെട്ട നഗരങ്ങളിൽ മെട്രോ ടെയിനുകൾ വഴിയുള്ള ബ്രാന്റിംഗ് കാമ്പയിൻ, മിഡിൽ ഈസ്റ്റ് രാജ്യങ്ങളെ ഉൾപ്പെടുത്തി പ്രിന്റ് വിഷ്വൽ മീഡിയകളിലൂടെ പരസ്യ കാമ്പയിൻ, ലണ്ടനിലെ 300-ഓളം ടാക്സികൾ കേന്ദ്രീകരിച്ചുള്ള ബ്രാന്റിംഗ് കാമ്പയിൻ, ഓസ്ട്രേലിയയിലെ എയർപോർട്ട് ട്രാൻസ്ലേറ്റ്സ് വഴിയുള്ള പരസ്യ കാമ്പയിൻ,. എന്നിവ നടപ്പിലാക്കി വരുന്നു. ആഭ്യന്തര വിനോദസഞ്ചാരികൾക്ക് യാത്രാക്ഷേളിയിൽ പ്രത്യേക ഇളവുകൾ ഉറപ്പാക്കി വിമാനയാത്രയിലൂടെയുള്ള ആഭ്യന്തര വിനോദസഞ്ചാര വിപണി ശക്തിപ്പെടുത്തുന്നതിനായി ഡെസ്റ്റിനേഷൻ പ്രൊമോഷൻ എന്ന പേരിൽ ഗോ എയർ കാമ്പയിൻ സംഘടിപ്പിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഇന്ത്യയിലെ പ്രമുഖ വിമാനകമ്പനിയായ ഗോ എയറുമായി 28-8-2014-ൽ ധാരണാപത്രം ഒപ്പുവയ്ക്കുകയും തുടർന്ന് സീസൺ സമയത്ത് വിനോദസഞ്ചാരികൾ ഇതിന്റെ പ്രയോജനം ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്. വിസ-ഓൺ-അറൈവൽ എന്ന സംവിധാനം കൂടുതൽ പരിപോഷിപ്പിക്കുന്നതിനായി ഈ സംവിധാനത്തിൽ വരുന്ന രാജ്യങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് കം ടു കേരള എന്ന ഓൺലൈൻ മത്സരം സംഘടിപ്പിച്ചുവരുന്നു. ഇതിൽ വിജയികളായി തെരഞ്ഞെടുക്കുന്നവർക്ക് കേരളം സന്ദർശിക്കാനുള്ള അവസരം ഒരുക്കുന്നു. ഓൺലൈൻ മുഖേന പ്രശസ്തരായ ബ്ലോഗ്ഗേഴ്സിനെ തെരഞ്ഞെടുത്ത് കേരളത്തിലെ എല്ലാ പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളും (തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ) സന്ദർശിക്കാനുള്ള അവസരം ഒരുക്കിക്കൊണ്ട് ഒരു ട്വർ സംഘടിപ്പിക്കുകയും പ്രസ്തുത കേന്ദ്രങ്ങളെക്കുറിച്ച് അവരെക്കൊണ്ട് ബ്ലോഗിൽ വിവരണം നൽകുകയും ചെയ്യുന്ന 'ബ്ലോഗ്ഗേഴ്സ് കാമ്പയിൻ' എന്ന പ്രചാരണ പരിപാടിയും നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാന ടൂറിസത്തെ

LIBRARY ARCHIVES Kerala Legislative Assembly

ആഗോളതലത്തിൽ എത്തിക്കുന്നതിന് വകപ്പ് താഴെപ്പറയുന്ന പ്രവർത്തനങ്ങളും സംഘടിപ്പിച്ചുവരുന്നു. അന്താരാഷ്ട്ര തലത്തിൽ പ്രധാന ടൂറിസം ഫെയറുകളിൽ പങ്കെടുക്കുകയും പ്രധാന നഗരങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. ആഭ്യന്തര വിനോദ സഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി ദേശീയ വ്യാപാരമേള, റോഡ് ഷോകൾ എന്നിവ സംഘടിപ്പിക്കുകയും ഈ പരിപാടികളിൽ വകുപ്പിനോടൊപ്പം ടൂറിസം രംഗത്തെ മികച്ച സ്വകാര്യ സംരംഭകരെയും പങ്കെടുപ്പിക്കുകയും ചെയ്യുന്നു. കേരളത്തിന് പുറത്തുള്ള പ്രധാനപ്പെട്ട മാളുകളിൽ മാൾ ബ്രാൻഡിംഗ്, ദേശീയതലത്തിൽ പ്രധാന മെട്രോ സിറ്റികളിൽ എയർപോർട്ട് ഡിസ്പ്ലേ മുംബൈ നഗരത്തിൽ മെട്രോ ട്രെയിൻ ബ്രാൻഡിംഗ്, മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള കാമ്പയിൻ, കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങൾ ലോകമെമ്പാടും പ്രചരിപ്പിക്കുന്നതിന് കേരളത്തിന്റെ മികച്ച കലാരൂപങ്ങളെയും ഉത്സവങ്ങളെയും ഉൾപ്പെടുത്തി ഷോർട്ട് ഫിലിമുകൾ, സി.ഡി.-കൾ കേരളത്തിനു പുറത്തും വിദേശത്തും ഉള്ള ട്രാവൽ ടൂർ ഓപ്പറേറ്റർമാർക്ക് കേരളത്തിന്റെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവിധ ബ്രോഷറുകൾ തുടർച്ചയായി ലഭ്യമാക്കുക എന്നിവ നടത്തിവരുന്നു. വിപുലമായ രീതിയിൽ കേരളത്തിന്റെ ദേശീയ ഉത്സവമായ ഓണാഘോഷം സംഘടിപ്പിക്കുന്നതോടൊപ്പം നിശാഗന്ധി ദേശീയ നൃത്തോത്സവം, കേരളത്തിലെ എല്ലാ ജില്ലകളിലും തനത് കലാരൂപങ്ങൾ കോർത്തിണക്കിയുള്ള ഉത്സവം എന്നീ പരിപാടികളും സംഘടിപ്പിക്കുന്നു. മൺസൂൺ കാമ്പയിൻ, ആയുർവ്വേദ കാമ്പയിൻ, ബാക്ക് വാട്ടർ കാമ്പയിൻ, നാഷണൽ & ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ, ബേക്കൽ കാമ്പയിൻ, യൂറോപ്പ്, ഓസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളിൽ പ്രിന്റ് വിഷ്വൽ മീഡിയകളിലൂടെയുള്ള കാമ്പയിൻ, ലണ്ടനിലെ ടാക്സികൾ കേന്ദ്രീകരിച്ചുള്ള ബ്രാൻഡിംഗ് കാമ്പയിൻ, ഓസ്ട്രേലിയയിലെ എയർപോർട്ട് ട്രാൻസ്ലേറ്റ്സ് വഴിയുള്ള പരസ്യപ്രചരണം, സിനിമാ ഹാൾസ് വഴിയുള്ള പരസ്യപ്രചരണം, കൊൽക്കത്താ ട്രാം ബ്രാൻഡിംഗ് കാമ്പയിൻ, വിസിറ്റ് കേരളയുടെ ഭാഗമായി ടെലിവിഷൻ ചാനൽ വഴിയും എഫ്.എം. റേഡിയോ വഴിയുമുള്ള പരസ്യപ്രചരണം, എന്നിവയും ആഗോള തലത്തിലെ മാർക്കറ്റിംഗിനെ സഹായിക്കുന്നു. കൂടാതെ കേരളത്തിനു വിപണി സാധ്യതയുണ്ടെന്നു വ്യക്തമായിട്ടുള്ള ജപ്പാൻ, സിംഗപ്പൂർ, ഫിൻലാന്റ്, ലക്സംബർഗ്, ന്യൂസിലാന്റ്, ഫിലിപ്പീൻസ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമാർ, ഇൻഡോനേഷ്യ സൗത്ത് കൊറിയ എന്നീ രാജ്യങ്ങളിൽ നിന്ന് കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽ നിന്നു തന്നെ ടൂറിസ്റ്റ് വിസ

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യമാക്കുന്ന വിസ ഓൺ അറൈവൽ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കുറഞ്ഞത് ആറുമാസത്തെ പാസ്പോർട്ടുള്ള മേൽപ്പറയുന്ന രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികൾക്ക് 60 യു.എസ്. ഡോളർ ചിലവിൽ 30 ദിവസത്തേയ്ക്ക് അംഗീകാരമുള്ള വിസയാണ് നൽകുക.

(ഡി) വിനോദസഞ്ചാരികളുടെ എണ്ണത്തിലുള്ള വർദ്ധനവ് അനുസരിച്ച് സംസ്ഥാനത്തിന്റെ വരുമാനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. അത് ചുവടെ ചേർക്കുന്നു :

| വർഷം | വരുമാനം (കോടിയിൽ) |
|---|---|
| 2011 | 19037 |
| 2012 | 20430 |
| 2013 | 22926.6 |
| 2014 | 24885.4 |

## കോഴിക്കോട്ടെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സൊസൈറ്റി

**345 (1011)** ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പിന്റെ കീഴിൽ കോഴിക്കോട്ടെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സൊസൈറ്റിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വ്യവസായ വകുപ്പിൽ നിന്നും ടൂറിസം വകുപ്പിന് കൈമാറിയ ഭൂമി പ്രസ്തുത സൊസൈറ്റിക്ക് കൈമാറിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആയതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് കേന്ദ്ര ടൂറിസം വകുപ്പിൽ നിന്നും അനുമതി ലഭിച്ചത് ഏത് വർഷത്തിലായിരുന്നു ; എത്ര കോടി രൂപയുടെ പദ്ധതിയായിരുന്നു കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിരുന്നത് ; എത്ര കോടി രൂപ ഇനിയും ലഭ്യമാക്കേണ്ടതുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly